സ്റ്റൈപ്പൻഡ്.

൩൩. [൩൦] ശ്രീ. കൊച്ചുകുഞ്ഞ് : താഴെ കാണുന്ന ചോദ്യങ്ങൾക്ക് തദ്ദേശസ്വയംഭരണവകുപ്പുമന്ത്രി സദയം മറുപടി നൽകുമോ :

(എ) പന്തളം കോളേജിൽ പ്രവേശനം നൽകപ്പെട്ട ഏതെങ്കിലും പട്ടികജാതിവിദ്യാർത്ഥികൾക്ക് സ്റ്റൈപ്പൻഡ് (Monthly stipend) നൽകാതിരിക്കുന്നുണ്ടോ ;

(ബി) ഉണ്ടെങ്കിൽ കാരണമെന്ത് ?

ഉത്തരം.

(എ) ഇല്ല.

(ബി) ചോദ്യം ഉദിക്കുന്നില്ല.

അമ്പലപ്പുഴ–തിരുവല്ലാ റോഡ്.

൩൪. [൩൨] ശ്രീ. കെ. കെ. കുമാരപിള്ള : താഴെ പറയുന്ന ചോദ്യങ്ങൾക്ക് പൊതുമരാമത്തുവകുപ്പുമന്ത്രി സദയം മറുപടി നൽകുമോ :

(എ) അമ്പലപ്പുഴ–തിരുവല്ലാ റോഡിന്റെ പണി എന്നു തുടങ്ങാൻ ഉദ്ദേശിക്കുന്നു ;

(ബി) ഏതെല്ലാം ഭാഗങ്ങളിൽ എന്തെല്ലാം തരത്തിലുള്ള പണിയാണ് ഉദ്ദേശിക്കുന്നത് ;

(സി) അമ്പലപ്പുഴ മുതൽ തകഴിവരെയുള്ള ഭാഗം ഈ സാമ്പത്തികവർഷത്തിൽ കാർട്ടബിൾ ആക്കാൻ ഉദ്ദേശിക്കുന്നുണ്ടോ ?

ഉത്തരം.

(എ) ഇപ്പോൾ പറയുവാൻ നിവൃത്തിയില്ല.

(ബി) തകഴി മുതൽ എടത്വാ വരെയുള്ള ഭാഗത്ത് മൺവേല തുടരുവാനാണ് ഉദ്ദേശിക്കുന്നത്.

(സി) ഇല്ല. തകഴിമുതൽ എടത്വാവരെയുള്ള ഭാഗത്തെ പണി തീർന്നശേഷം അമ്പലപ്പുഴ തകഴിഭാഗം നന്നാക്കാമെന്നാണ് ഉദ്ദേശിക്കുന്നത്.

ചെങ്ങളം കരിമ്പിൽ കലുങ്ക്.

൩൫. [൩൩] ശ്രീ. പി. ഭാസ്കരൻ നായർ : താഴെ പറയുന്ന ചോദ്യത്തിന് പൊതുമരാമത്തുവകുപ്പുമന്ത്രി സദയം മറുപടി നൽകുമോ :

ചെങ്ങളം പ്രൈമറിസ്കൂളിനു വളരെ സമീപത്തു പഴയ കുമരകം റോഡിലുള്ള കരിമ്പിൽ കലുങ്ക് പകുതി ജീർണ്ണിച്ചിരിക്കുന്ന അപകടാവസ്ഥ അധികൃത ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ ?

ഉത്തരം.

ഉണ്ട്. റോഡിന്റെ ഈ ഭാഗം മാറി കൂടുതൽ സൗകര്യപ്രദമായി വെട്ടിത്തീർത്തിട്ടുള്ളതിനാൽ പ്രസ്തുത കലുങ്ക് നന്നാക്കാതിരുന്നിട്ടുള്ളതാണ്.

LIBRARY ARCHIVES Kerala Legislative Assembly